# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2276      12-02-2020 ലെ മറുപടിക്ക്

ചോദ്യം
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

മറുപടി
ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ്
മന്ത്രി

### നികുതി പിരിവ്

| | | |
|---|---|---|
| (എ) | നികുതി പിരിവിൽ 30 ശതമാനം വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കുമെന്ന് 2019-20 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നോയെന്ന് അറിയിക്കുമോ ; | നികുതി പിരിവിൽ 30 ശതമാനം വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കുമെന്ന് 2019-20 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. |
| (ബി) | ഏതെല്ലാം മാർഗ്ഗങ്ങളാണ് ഈ ലക്ഷ്യം നേടുവാൻ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ; | നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ടി കൂടുതലായി 4 ഡപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും കൂടുതലായി അനുവദിച്ചു.<br>3. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ധനകാര്യ മന്ത്രിയുടേയും റവന്യൂ മന്ത്രിയുടേയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.<br>4. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>5. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശികകൾ തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ സർക്കാർ വകുപ്പുകൾ, പൊതുമേഖല / ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ / ചാർജ്ജുകൾ എന്നിവ 01.04.2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി 08.03.2019 ലെ സ.ഉ.(അച്ചടി) നം.28/2019/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്.<br>2019-2020 ബഡ്ജറ്റിൽ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി 1% വർദ്ധിപ്പിച്ചു. 5 വർഷമോ അതിൽ കൂടുതലോ നികുതി കുടിശ്ശികയുള്ള ട്രാൻസ്പോർട്ട് – നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ |

| | | |
|---|---|---|
| | | നികുതിയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള വാഹന ഉടമകളിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് അയയ്ക്കുകയും അതിനുശേഷവും നികുതി തുക അടയ്ക്കാത്തവരിൽ നിന്നും റവന്യു റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത ശ്രമവും നടത്തിവരുന്നു. നികുതി അടയ്ക്കാതെ റോഡിലിറങ്ങുന്ന വാഹനങ്ങൾ പരിശോധിച്ച് പിഴയും കുടിശ്ശികയും ഈടാക്കുന്നതിനായി എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. കൂടാതെ നികുതി അടയ്ക്കാൻ വിസമ്മതിക്കുന്ന വാഹന ഉടമകളിൽ നിന്നും വാഹനങ്ങൾ പിടിച്ചെടുത്ത് ആ വാഹനങ്ങൾ ലേലം ചെയ്ത് തുക സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടുന്നുമുണ്ട്. |
| (സി) | മേൽ വർദ്ധനവ് കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ ; എത്ര ശതമാനമാണ് നിലവിലെ വർദ്ധനവെന്ന് വ്യക്തമാക്കുമോ ; | ജി.എസ്.ടി.യിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാനായിട്ടില്ല. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജിഎസ്ടി ഗുണകരമാകേണ്ടതാണ്. നമ്മുടെ ഉപഭോക്തൃ വസ്തുക്കളിൽ സിംഹപങ്കും മറ്റു സംസ്ഥാന ങ്ങളിൽ നിന്നും വരുന്നവയാണ്. ഇവയെല്ലാം ഇ-വേ ബില്ലുവഴി തൽസമയം തന്നെ ഡൗൺലോഡു |
| (ഡി) | ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ? | ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകാത്തതിനാൽ നികുതി തട്ടിപ്പ് പൂർണ്ണമായും തടയാനായിട്ടില്ല. അതുപോലെതന്നെ വാർഷിക റിട്ടേണുകൾ ലഭിച്ചാലേ അവ സ്ക്രൂട്ടിനി ചെയ്ത് വെട്ടിപ്പ് കണ്ടെത്താനാകൂ. നീണ്ട കാത്തിരിപ്പിനൊടുവിൽ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിലാണ് ആദ്യവർഷത്തെ വാർഷിക റിട്ടേണുകൾ ലഭിച്ചത്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിനു മുമ്പ് ജിഎസ്ടി നിരക്കുകൾ കുത്തനെ വെട്ടിക്കുറച്ചതും തിരിച്ചടിയായി. മാന്ദ്യവും നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചു. ഈ വർഷത്തെ പ്രതീക്ഷിത നികുതി വരുമാനത്തിൽ 10,113 കോടിയുടെ കുറവു ണ്ടാകുമെന്നാണ് കരുതുന്നത്. |

Sajeev

**അക്കൗണ്ട്സ് ഓഫീസർ**